# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## ഓരോരുത്തർക്കും നല്കേണ്ട നീതി നല്കുക-മാർപാപ്പ



പട്ടിണി, പോഷണവൈകല്യം എന്നീ പ്രശ്നങ്ങളുടെ പരിഹാരത്തിന് ഓരോരുത്തർക്കുമുള്ള നീതിയിൽ സവിശേഷശ്രദ്ധ പതിക്കണമെന്ന് മാർപാപ്പാ.
വർഷംതോറും ഒക്ടോബർ 16-ന് ആചരിക്കപ്പെടുന്ന ലോകഭക്ഷ്യദിനത്തോടനുബന്ധിച്ച് ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യകൃഷി സംഘടനയുടെ, എഫ്അഒ-യുടെ മേധാവിയായ ഹൊസെ ഗ്രസ്സിയാനൊ ദ സിൽവയ്ക്ക് നല്കിയ സന്ദേശത്തിലാണ് ഫ്രാൻസിസ് പാപ്പായുടെ ഈ പ്രസ്താവനയുള്ളത്.
ഓരോരുത്തർക്കുമുള്ള നീതി നിഷേധിക്കപ്പെടുമ്പോൾ അത് എന്നും അക്രമകാരണമായിത്തീരുന്നുവെന്നും പാപ്പാ പറയുന്നു.
നമ്മൾ ജീവിക്കുന്നത് ലാഭത്തിനായുള്ള നെട്ടോട്ടവും സ്വാർത്ഥതാല്പര്യങ്ങളിൽ കേന്ദ്രീകൃതമായ നീക്കവും അനീതിപരമായ നയങ്ങളും രാഷ്ട്രങ്ങളുടെ ആഭ്യന്തര പ്രവർത്തനങ്ങളെ മന്ദഗതിയിലാക്കുകയോ, അന്താരാഷ്ട്ര സമൂഹത്തിൽ ഫലപ്രദമായ സഹകരണത്തിന് വിഘാതം സൃഷ്ടിക്കുകയോ ചെയ്യുന്ന ഒരു കാലഘട്ടത്തിലാണെന്ന വസ്തുത അനുസ്മരിക്കുന്ന പാപ്പാ ഈയൊരു പശ്ചാത്തലത്തിൽ ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ ഇനിയും ഏറെ ചെയ്യാനുണ്ടെന്ന് ഓർമ്മിപ്പിക്കുന്നു.
സഹകരണത്തിനും പൊതുനന്മയ്ക്കും വേണ്ടിയുള്ള പൊതുവായ ഒരഭ്യർത്ഥന യിൽ ഒതുങ്ങിനിൽക്കുന്നതിൽ അർത്ഥമില്ലെന്ന് വ്യക്തമാക്കുന്ന പാപ്പാ പ്രകൃതിവിഭവങ്ങൾ ഏതാനും പേരുടെ കൈകളിൽ ഒതുങ്ങുകയും ദൗർഭാഗ്യവാന്മാർ ഉച്ഛിഷ്ടങ്ങൾ പെറുക്കി ജീവിക്കുകയും ചെയ്യുന്ന ഒരു സമൂഹം ഇക്കാലത്തും ഉണ്ടെന്നത് നമുക്കൾക്കൊള്ളാനാകുമോ എന്ന് നാം നമ്മോടു തന്നെ ചോദിക്കേണ്ടിയിരിക്കുന്നുവെന്ന് പറയുന്നു.
വലിച്ചെറിയലിൻെറയും പുറന്തള്ളലിൻെറയും സംസ്ക്കാരത്തിൻെറ ഫലമായ അസമത്വം സദാ വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന അവസ്ഥയെയും പാപ്പാ ഭക്ഷ്യ പ്രതിസന്ധിയുമായി ബന്ധപ്പെടുത്തുന്നു.
സാമൂഹ്യസുരക്ഷിതത്വത്തിൻെറ അഭാവം, ദുർഭരണം, അഴിമതി, കാലാവസ്ഥ മാറ്റം തുടങ്ങിയവമൂലം തങ്ങളുടെ ഭക്ഷ്യസുരക്ഷിതത്വം അപകടത്തിലായിരിക്കുന്ന ജനങ്ങളെ പ്രത്യേകം ഓർക്കുന്ന പാപ്പാ തങ്ങൾക്കുവേണ്ടി സത്വരം സാധ്യമായതെല്ലാം ചെയ്യാൻ അവർ സർക്കാരുകളോടും അന്താരാഷ്ട്രസംഘടനകളോടും അഭ്യർത്ഥിക്കുന്നുവെന്ന് പറയുന്നു.
ഈ പ്രശ്നങ്ങളിൽ നേരിട്ടിടപെടാൻ സാങ്കേതികതലത്തിൽ സഭയ്ക്കാകില്ലെങ്കിലും ഈ അവസ്ഥകളുടെ മാനുഷികമാനങ്ങൾ കണക്കിലെടുക്കുമ്പോൾ സഭയ്ക്ക് നിസ്സംഗത പാലിക്കാനാകില്ലയെന്ന് പാപ്പാ വ്യക്തമാക്കുകയും ചെയ്യുന്നു.
1945 ഒക്ടോബർ 16-ന് കാനഡയിലെ ക്യൂബെക്കിൽവച്ച് രൂപം കൊണ്ട, എഴുപതാം

സ്ഥാപനവാർഷികമാഘോഷിക്കുന്ന FAQ യുടെ പ്രവർത്തനങ്ങൾക്ക് പാപ്പാ ആശംസകളും നേർന്നു.